LIBRARY ARCHIVES Kerala Legislative Assembly

എരമം-കുറ്റൂർ പഞ്ചായത്തിലെ കടങ്ങോട്ട്-ഓടമുട്ട് റോഡ് അഭിവൃദ്ധിപ്പെടുത്താൻ നടപടി

278(3203) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച എരമം-കുറ്റൂർ പഞ്ചായത്തിലെ കടങ്ങോട്-ഓടമുട്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ്പണി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ&ബി) എരമം-കുറ്റൂർ പഞ്ചായത്തിലെ കടങ്ങോട്-ഓടമുട്ട് റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) കോഴിക്കോട് ഉത്തരമേഖല ഓഫീസിൽ സ്വീകരിച്ചു വരുന്നു. ഈ പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

ദേശീയ പാത വികസനം

279(T3204) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്ഥലം ഏറ്റെടുത്ത് കൊടുക്കാൻ സംസ്ഥാന സർക്കാരിന് കഴിയാത്തതിനാലാണ് ചേർത്തല-തിരുവനന്തപുരം പാതയിരട്ടിപ്പിക്കൽ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നത് എന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

കേരളത്തിലെ ദേശീയപാതകൾ 45 മീ. വീതിയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ അനിശ്ചിതമായി നീണ്ടു പോകുന്നതിനെ തുടർന്നാണ് പ്രസ്തുത പദ്ധതിയിൽ നിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയത്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.